# CAREER Updates

# പത്രവൃത്താന്തം

02.07.2024 (ചൊവ്വ)



- ➡ 2024-ലെ ലോക ചെസ്സ് ചാമ്പ്യൻഷിപ്പിന് വേദിയാകുന്ന രാജ്യം
- ✔ സിംഗപ്പൂർ
- നിലവിലെ ലോക ചെസ്സ് ചാമ്പ്യനായ ചൈനയുടെ ഡിങ് ലിറനും കാൻഡിഡേറ്റ്സ് ചെസ്സ് ജേതാവായതിലൂടെ ലിറന് എതിരാളിയായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ കൗമാരതാരം ഡി. ഗുകേഷും തമ്മിലുള്ള പോരാട്ടത്തിനാണ് സിംഗപ്പൂർ വേദിയാകുന്നത്.
- ഡി. ഗുകേഷിന്റെ ജന്മനാടായ ചെന്നൈ, ന്യൂഡൽഹി എന്നീ ഇന്ത്യൻ നഗരങ്ങളും വേദിക്കായി പരിഗണിക്കപ്പെട്ടിരുന്നെങ്കിലും സിംഗപ്പൂരിനെ വേദിയായി പ്രഖ്യാപിക്കുകയായിരുന്നു.

---

- ➡ പുതിയ ക്രിമിനൽ നിയമമായ ഭാരതീയ ന്യായ സംഹിത പ്രകാരമുള്ള ആദ്യ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത് ഏത് ഇന്ത്യൻ സംസ്ഥാനത്താണ്?
- ✔ മധ്യപ്രദേശ്
- മധ്യപ്രദേശിലെ ഹനുമാൻഗഞ്ച് പോലീസ് സ്റ്റേഷനിലാണ് ഭാരതീയ ന്യായ സംഹിത പ്രകാരമുള്ള ആദ്യ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.
- ഭാരതീയ ന്യായ സംഹിത പ്രകാരമുള്ള കേരളത്തിലെ ആദ്യ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിലാണ്.
- ➡ അടുത്തിടെ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച, ആണവ പോർമുന കഴിഞ്ഞാൽ ഏറ്റവും മാരകശേഷിയുള്ള സ്ഫോടക വസ്തു
- ✔ സെബെക്സ് 2
- നാഗ്പൂരിലെ ഇക്കണോമിക് എക്സ്പ്ലോസീവ് ലിമിറ്റഡാണ് മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി സെബെക്സ് 2 വികസിപ്പിച്ചത്.

CAREER GUIDANCE BUREAU

- ➡ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൻ കീ ബാത്തിലൂടെ പ്രശംസിക്കപ്പെട്ട, അട്ടപ്പാടിയിലെ ആദിവാസി വനിതകൾ നിർമ്മിക്കുന്ന പ്രത്യേകതരം കുടകൾ
- ✔ കാർത്തുമ്പി കുടകൾ
- ➡ 2024 ജൂലൈയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ചെയർമാൻ ആയി നിയമിക്കപ്പെട്ട വ്യക്തി
- ✔ ടി.വി. ബാലൻ
- ➡ 2024 ജൂലൈയിൽ സ്പെയിനിന്റെ ജയ്മി സാന്റോസ് ലറ്റാസയെ പരാജയപ്പെടുത്തി ലിയോൺ മാസ്റ്റേഴ്സ് ചെസ്സ് കിരീടം നേടിയ ഇന്ത്യൻ താരം
- ✔ വിശ്വനാഥൻ ആനന്ദ്
- ➡ 2024-ലെ ഫോർമുല വൺ ആസ്ട്രിയൻ ഗ്രാൻപ്രിക്സിൽ കിരീടം നേടിയത്
- ✔ ജോർജ്ജ് റസൽ
- ➡ 2024 ജൂലൈയിൽ അന്തരിച്ച പ്രശസ്ത അൽബേനിയൻ നോവലിസ്റ്റ്
- ✔ ഇസ്മയിൽ കദാരെ
- ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തിയ ഇതരഭാഷാ കൃതികൾക്കുള്ള ഇന്റർനാഷണൽ ബുക്കർ പ്രൈസിന് ആദ്യമായി അർഹനായത് ഇസ്മയിൽ കദാരെ ആണ് (2005).

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999